പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

എൻ.എം.3/13203/12/ഡി.പി.ഐ/താ.തീ തിരുവനന്തപുരം, തീയതി : 03.04.12

## സർക്കുലർ

വിഷയം : പൊ.വി. - ഉ.ഭ.പ. - കണ്ടിജന്റ് തുകയ്ക്കുള്ള വൗച്ചറുകൾ അതാത് സ്ക്കൂളുകളിൽ സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന : കിളിമാനൂർ എ.ഇ.ഒ.യുടെ 14.12.11-ലെ എഫ്/557/11 നം. കത്ത്

* * * *

മേൽ സൂചനപ്രകാരമുള്ള കത്തിൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന പുതിയ എൻ.എം.പി.1 ഫോമിൽ ടി പദ്ധതിക്കുള്ള കണ്ടിജന്റ് ചാർജ്ജ്, മാസാമാസം വിതരണം ചെയ്യുന്ന മുട്ടയുടെ എണ്ണം, പാലിന്റെ അളവ്, തീയതി മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയശേഷം പ്രധാനാദ്ധ്യാപകൻ മേലൊപ്പ് വച്ചാണ് ഓഫീസിൽ സമർപ്പിക്കുന്നതെന്നും, മുൻ കാലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി കണ്ടിജന്റ് ചാർജ്ജ് വിതരണം ചെയ്തിരുന്നപ്പോൾ വൗച്ചറുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പാസ്സാക്കി നൽകേണ്ടിയിരുന്നുവെന്നും സൂചിപ്പിക്കുന്നു. മാത്രവുമല്ല ഒരു സ്ക്കൂളിൽനിന്നും കുറഞ്ഞത് അഞ്ച് വൗച്ചറുകളെങ്കിലും സമർപ്പിക്കേണ്ടതായുണ്ട്. ഇത്തരം വൗച്ചറുകൾ ടി ഓഫീസുകളിൽ മാസക്രമത്തിൽ സൂക്ഷിക്കുവാൻ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി പരാമർശിക്കുന്നു. ഇത്തരത്തിലുള്ള പ്രശ്നം എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഉള്ളതായി മനസ്സിലാക്കുന്നു.

ടി സാഹചര്യത്തിൽ പ്രധാനാദ്ധ്യാപകർ ഒപ്പിട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കുന്ന എൻ.എം.പി.1 ഫോറവും വൗച്ചറുകളും ഒത്തുനോക്കി കണക്കുകൾ ബോദ്ധ്യപ്പെട്ടശേഷം വൗച്ചറുകൾ സ്ക്കൂളിൽ സൂക്ഷിക്കുവാൻ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അനുവാദം നൽകിയതായി അറിയിക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും